**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1178** **14-03-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ കുറ്റിപ്പുറം സംസ്ഥാന പാതയിലെ റോഡ് കൈയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ കുറ്റിപ്പുറം സംസ്ഥാന പാതയിലെ പ്രധാന ജംഗ്ഷനുകളിൽ ഒന്നായ മുതുവറ-അടാട്ട് റോഡിൽ ഭൂമി കൈയ്യേറ്റമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കൈയ്യേറ്റവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ആറ് കേസുകൾ കോടതി പരിഗണനയിൽ ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | പ്രസ്തുത സ്ഥലത്ത് സർവ്വേ നടത്തി ജില്ലാ സർവ്വേ സൂപ്രണ്ട് ലഭ്യമാക്കിയ സ്കെച്ച് പ്രകാരം കൈയ്യറ്റക്കാർക്ക് നോട്ടീസ് നൽകിയതിനെ തുടർന്നാണ് മേൽ വ്യക്തികൾ കേസ് ഫയൽ ചെയ്തിട്ടുള്ളത്. മുതുവറ അടാട്ട് റോഡിന്റെ വികസനത്തിനായി പുറമ്പോക്ക് ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രസ്തുത കേസുകൾ കോടതി പരിഗണനയിൽ ഉള്ളതിനാൽ റോഡിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും പ്രവൃത്തി ചെയ്യുന്നതിനും തടസ്സം നേരിടുന്നുണ്ട്. കേസുകളിൽ യഥാസമയം കാര്യവിവരപത്രിക സമർപ്പിക്കുകയും കേസിന്റെ നിലവിലെ സ്ഥിതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | കേസ് നമ്പർ | പെറ്റീഷ്ണർ |
|---|---|---|
| 1 | O.S 4724/2014 | ശ്രീ. രവികുമാർ. |
| 2 | O.S 4746/2014 | ശ്രീ. ജോസ് അക്കരപറ്റിക്കൽ |
| 3 | O.S 433/2015 | ശ്രീ. ജോണ് കാഞ്ഞിരത്തിങ്കൽ |
| 4 | O.S 4730/2016 | ശ്രീ. പി.ടി.ബാലൻ കുട്ടി |
| 5 | O.S 1798/2019 | ശ്രീ.പി.ടി.ബാലൻകുട്ടി |